**ഭരണഭാഷ-മാതൃഭാഷ**

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
(ഹയർസെക്കന്ററി വിദ്യാഭ്യാസം),
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്,
ശാന്തിനഗർ, തിരുവനന്തപുരം
ഇമെയിൽ-cgacdhse@gmail.com
ഫോൺ നമ്പർ-0471-2323198

**നം.സി.ജി.എ.സി/4627/2022/ഡി.ജി.ഇ** **തീയ്യതി**-27/07/2022

# സർക്കുലർ

**വിഷയം:** സി.ജി & എ.സി - സംസ്ഥാനത്തെ ഹയർ സെക്കന്ററി സ്കൂളുകളിൽ കരിയർ ദിനാഘോഷം സംഘടിപ്പിക്കുന്നത്- നിർദ്ദേശം നൽകുന്നത് - സംബന്ധിച്ച്.

1990 ആഗസ്റ്റ് ഒന്നാം തീയതി സംസ്ഥാനത്ത് ആദ്യമായി ഹയർ സെക്കന്ററി ക്ലാസ്സുകൾ ആരംഭിച്ചു. ആയതിനാൽ എല്ലാ വർഷവും ആഗസ്റ്റ് ഒന്നാം തീയതി സംസ്ഥാനത്തെ എല്ലാ ഹയർ സെക്കന്ററി വിദ്യാലയങ്ങളും ***കരിയർ ഡേ*** ആയി ആഘോഷിക്കുന്നു.

2022 ആഗസ്റ്റ് ഒന്നാം തീയതി കരിയർ ദിനാഘോഷത്തിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ ഹയർ സെക്കന്ററി വിദ്യാലയങ്ങളിലെ രണ്ടാം വർഷ വിദ്യാർത്ഥികൾക്ക് '***കരിയർ പ്ലാനിംഗ് & ഗോൾ സെറ്റിംഗ്*** 'എന്ന വിഷയത്തിൽ ആ സ്കൂളുകളിൽ കരിയർ ഗൈഡ് ആയി പ്രവർത്തിക്കുന്ന അദ്ധ്യാപകർ ഒരു മണിക്കൂർ നീണ്ടു നിൽക്കുന്ന ക്ലാസ് നൽകേണ്ടതാണ്. എന്തെങ്കിലും കാരണവശാൽ ആ ദിവസം ക്ലാസ് നടത്താൻ കഴിയാത്ത പക്ഷം ഏറ്റവും അടുത്ത ദിവസം തന്നെ ക്ലാസ് നടത്തുന്നതിനുള്ള സജ്ജീകരണങ്ങൾ ഏർപ്പെടുത്തുന്നതിന് പ്രിൻസിപ്പാൾമാരെ ചുമതലപ്പെടുത്തിയിരിക്കുന്നു.

ഹയർ സെക്കന്ററി വിദ്യാലയങ്ങളിലെ എല്ലാ അദ്ധ്യാപകരും അവരുടെ പിരീയഡുകളിൽ അവർ പഠിപ്പിക്കുന്ന വിഷയത്തിലെ തുടർ പഠന സാധ്യതകളെപ്പറ്റിയും തൊഴിൽ സാധ്യതകളെക്കുറിച്ചും അന്നേ ദിവസം 15 മിനിറ്റിൽ കുറയാത്ത ഒരു അവബോധ ക്ലാസ് വിദ്യാർത്ഥികൾക്ക് നൽകേണ്ടതുമാണ്.

കരിയർദിനാചരണവുമായി ബന്ധപ്പെട്ട് '***കരിയർ പ്ലാനിംഗ് & ഗോൾ സെറ്റിംഗ്***' എന്ന വിഷയത്തിൽ കരിയർ ഗൈഡുമാർക്കായി ഒരു പ്രത്യേക പരിശീലനം ജൂലൈ 29-ന് വൈകുന്നേരം 7 മണിക്ക് Zoom വഴി സജ്ജമാക്കിയിരിക്കുന്നു. cgac യുടെ യുട്യൂബ് ചാനൽ വഴിയും പങ്കെടുക്കാവുന്നതാണ്. മുഴുവൻ കരിയർ ഗൈഡുമാരും പങ്കെടുക്കേണ്ടതാണ്.

ഒപ്പ്/-
പൊതുവിദ്യാഭ്യാസ ഡയറക്ടർ